# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 335 — 28.01.2019 -ൽ മറുപടിക്ക്.

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. പുരുഷൻ കടലുണ്ടി :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. അതിനുശേഷം ലഭിച്ച അപേക്ഷകളിൽ അടിയന്തിരമായി റേഷൻ കാർഡ് വിതരണം നടത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പുതിയ റേഷൻ കാർഡിലെ തെറ്റ് തിരുത്തൽ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ 25.06.2018 മുതൽ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാലു വർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. നാളിതുവരെ 19.31 ലക്ഷം അപേക്ഷകൾ സംസ്ഥാനത്തൊട്ടാകെ ലഭിച്ചിട്ടുണ്ട്. ഇവയിൽ സി-ഡിറ്റുമായി ചേർന്ന് വളരെ വേഗം അപേക്ഷകളിൽ ഡാറ്റാ എൻട്രി വരുത്തി 14 ലക്ഷം അപേക്ഷകൾ തീർപ്പു കൽപ്പിച്ച് വിതരണത്തിന് സജ്ജമാക്കിയിട്ടുണ്ട് വളരെ വേഗം ഇവ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൊയിലാണ്ടി സപ്ലൈ ഓഫീസിൽ പുതിയ റേഷൻ കാർഡിനുള്ള എത്ര അപേക്ഷകളാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്; ഇവർക്ക് സമയബന്ധിതമായി പുതിയ കാർഡുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ - 9691<br>കാർഡ് വിതരണം നടത്തിയത് - 6851<br>കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ